കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കിഴുവിലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

***e-mail:lfadtvm@yahoo.in***
***dotvm.ksad@kerala.gov.in***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.**8/2191/2018**

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
ഫോൺ 0471-2331231
e-mail- lfadtvm@yahoo.in
dotvm.ksad@kerala.gov.in

തീയതി : 24.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കിഴുവിലം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- കിഴുവിലം ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.**8/2191/2018**

തീയതി **24.10.2018**

<u>തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ</u>

**ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 22.9.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ എസ്.ജെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2018 മുതൽ<br>29.09.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. സനിൽ.എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | 2.ശ്രീ. മനേഷ്ബി.എച്ച്. ,<br>ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീമതി ലേഖ.എം.എൽ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീ. സുജേഷ് എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5.ശ്രീ. വിനോദ്എസ്.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(**ബി**)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. അൻസാർ എ. | 1.4.2017 മുതൽ |

| | | |
|---|---|---|
| | | 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. വിജയകുമാർ | 1.4.2017 മുതൽ 31.5.2017 വരെ |
| | ശ്രീ. ജയദേവൻ | 01.6.2017 മുതൽ 31.3. 2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കെ.എസ്.വിപിൻ | 1-4-2017 മുതൽ 1-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനൂപ് | 1-4-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ആശാരാജ് | 1-4-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി. ഷൈലജ ബീവി | 1-4-2017 മുതൽ 19-08-2017 വരെ |
| | ശ്രീമതി. ബേബി സജനി റഷഫ് | 20-08-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. ദീപ രവി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അനിൽകുമാർ | 01-04-2017 മുതൽ 10-10-2017 വരെ |
| | ഡോ.മിനി | 10-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ദിവ്യ | 1-4-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിജു | 1-4-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മാസ്റ്റർ, | ശ്രീ. സുചിത്രൻ | 1-4-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജിജി. വി.വി. | 01-04-2017 മുതൽ 23-10-2017 വരെ |
| | ശ്രീമതി. ശ്രുതി സിംഗ് | 24-10-2017 മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ജ്യോതികുമാർ | 01-04-2017 മുതൽ 13-10-2017 |
| | ശ്രീമതി.ബീനാബീവി | 13-10-2017 മുതൽ 22-11-2017 വരെ |
| | ശ്രീ.ജയകൃഷ്ണൻ | 22-11-2017 മുതൽ 19-02-2018 വരെ |
| | ശ്രീമതി. ജിജിഭായി | 20-02-2018 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. സുജകുമാരി ബി. | 01-4-2017 മുതൽ 30-04-2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. അജില | 01-05-2017 മുതൽ 23-01-2018 വരെ |
| | ശ്രീ. ബെൻസിലാൽ | 23-01-2018 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-1(1) | |
| 3 | അനിവാര്യ ചുമതലയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല | 1-1(2) | |
| 4 | അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കൽ | 1-1(3) | |
| 5 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 6 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 8 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 9 | പദ്ധതി അവലോകനം. | 1-6 | |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 11 | ക്ഷേമപദ്ധതികൾ | 1-8 | |
| 12 | ക്യാഷ് പരിശോധന | 1-9 | |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | |
| 14 | വിവരാവകാശ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല | 1-11 | |
| ഭാഗം **2** | | | |

| | | | |
|---|---|---|---|
| വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ഡി ആന്റ് ഓ ലൈസൻസ് -നടപടിക്രമങ്ങളിലെ അപാകതകൾ | 2-1 | |
| 14 | സ്വകാര്യ സ്ഥാപനങ്ങളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങളിലെ വീഴ്ച | 2-2 | |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ– നടപടിക്രമങ്ങളിലെ വീഴ്ച | 2-3 | |
| 16 | മാർക്കറ്റിന്റെ പരിപാലനം തൃപ്തികരമല്ല | 2-4 | |
| 17 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല. | 2-5 | |
| 18 | ഇ-ടെണ്ടറിംഗ്- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്ക വരുത്തിയില്ല | 2-6 | |
| ഭാഗം **3**<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | വിനിയോഗ വിവരങ്ങളില്ല | 3-1 | |
| 20 | സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ - പ്രവർത്തനം വിലയിരുത്തലിന് വിധേയമാക്കണം | 3-2 | |
| 21 | ലൈഫ് ഭവന പദ്ധതി- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 3-3 | |
| 22 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ– അവലോകനം | 3-4 | |

| | | | |
|---|---|---|---|
| 23 | മൃഗസംരക്ഷണം, ക്ഷീരവികസനം- സ്റ്റാറ്റസ് റിപ്പോർട്ടും നടപ്പിലാക്കിയ പദ്ധതികളും പൊരുത്തപ്പെടുന്നില്ല | 3-5 | |
| 24 | വ്യക്തമായ കണക്കുകളില്ലാതെ തെരുവ് വിളക്ക് പരിപാലനം | 3-6 | |
| 25 | കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിന് അനുസൃതമായ തുടർ നടപടികൾ ഉണ്ടാകണം | 3-7 | |
| 26 | ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല. | 3-8 | |
| 27 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല | 3-9 | |
| 28 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 3-10 | |
| 29 | എ.ബി.സി പ്രോഗ്രാം ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 3-11 | |
| 30 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-12 | |
| 31 | അതീവ ഗുരുതര ഗണത്തിൽപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നില്ല | 3-13 | |
| 32 | ആയുർവേദ ആശുപത്രി മെയിന്റനൻസ് - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്തില്ല | 3-14 | |
| 33 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതികൾ നീളുന്നു | 3-15 | |
| 34 | കാലപ്പഴക്കം നിർണ്ണയിക്കാതെ റോഡ് റീകോൺക്രീറ്റിംഗ് | 3-16 | |
| 35 | പദ്ധതി നടപ്പാക്കിയതിന് രേഖകളില്ല | 3-17 | |
| 36 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി | 3-18 | |

| | | | |
|---|---|---|---|
| | ചെലവഴിക്കുന്നു | | |
| ഭാഗം 4 | | | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 46 | അനുബന്ധം 1<br>ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.2017 ൽ ചേർന്ന ഭരണ സമിതി യോഗം 1-ാം നമ്പർ ആയി അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത മുന്നിരിപ്പ് 22,049,187/- രൂപയും വരവ് 37,24,43,390/- രൂപയും ചെലവ് 38,22,34,000/- രൂപയും നീക്കിയിരിപ്പ് 1,22,58,577/- രൂപയും ആണ്.

### 1-1-1 ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നം | വിവരണം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി |
|---|---|---|---|
| 1 | ബജറ്റ് വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 07.06.2017 |
| 2 | നോൺ–പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിംസബർ 15, 2017 ന് മുൻപ് | 02.03.2017 |
| 3 | നോൺ–പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15 ന് മുൻപ് | 14.03.2017 |
| 4 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25 ന് മുൻപ് | 14.03.2017 |
| 5 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കലും ക്രോഡീകരണവും | ഫെബ്രുവരി 1 ന് മുൻപ് | 14.03.2017 |
| 6 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് നിർമ്മാണം | മാർച്ച് 1 ന് മുൻപ് | 17.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിന് പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 20.03.2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 20.03.2017 |

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിട്സുകൾ പരിശോധിച്ചതിൽ 2017-18 വർഷത്തേയ്ക്കുള്ള ബജറ്റ് തയ്യാറാക്കലിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ലെന്ന് കാണുന്നു. ഇതിലേക്കായി നിർവ്വഹണോദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ സെക്രട്ടറി തേടിയിരുന്നതായി കാണുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല. 10.03.2017 ൽ ചേർന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (കരട് ബജറ്റ് തയ്യാറാക്കിയ യോഗം) മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ നിർദ്ദേശം പരിഗണിക്കാൻ ഒരു സംയുക്തയോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചു. അതിൻപ്രകാരം 14.03.2017ൽ ചേർന്ന സംയുക്ത യോഗത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ ചില പദ്ധതികൾക്ക് തുക വകയിരുത്താൻ

നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

## 1-1-2 അനിവാര്യ ചുമതലയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക 3 എ 6 പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലും ആശുപത്രികളിലും അങ്കണവാടികളിലും മാലിന്യ സംസ്കരണ സംവിധാനം ഇല്ല എന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിലും അന്തിമപദ്ധതി രേഖയിലും രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റിലും പ്രസ്തുത മേഖലയിൽ തുക വകയിരുത്തിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-1-3 അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കൽ

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചല്ല പ്രതീക്ഷിത വരവ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ വരവും തമ്മിൽ അന്തരം കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | *യഥാർത്ഥ തുക | വ്യത്യാസം |
|---|---|---|---|
| വരവ് | | | |
| വസ്തുനികുതി | 40,00,000 | 49,80,495 | +9,80,495 |
| തൊഴിൽ നികുതി | 14,00,000 | 12,89,280 | -1,10,720 |
| കെട്ടിടനികുതി | 75,000 | 48,667 | -26,333 |
| ലൈസൻസ് ഫീ | 2,25,000 | 1,20,300 | -1,04,700 |
| ചെലവ് | | | |
| ശമ്പളം | 70,00,000 | 61,92,878 | -8,07,122 |
| വേതനം | 5,00,000 | 8,22,202 | +3,22,202 |
| മറ്റ് ഭരണച്ചെലവുകൾ | 16,40,000 | 12,59,032 | -3,80,968 |

* ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 09.07.2018 മുതൽ 12.07.2018 വരെ | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1603/ 2018 തീയതി 19.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,00,28,813 |
| വരവ് | 8,26,05,220 |
| ആകെ | 10,26,34,033 |
| ചെലവ് | 9,51,89,239 |
| നീക്കിയിരിപ്പ് | 74,44,794 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14201066 | 14201066 | 14201066 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11177079 | 11177079 | 11177079 | 0 |
| സി.എഫ്.സി | 0 | 6422446 | 6422446 | 6422446 | 0 |
| KLSGDP | 0 | 6316994 | 6316994 | 6316994 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 12256782 | 12256782 | 12256782 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3484396 | 3484396 | 3484396 | 0 |
| ബി ഫണ്ട് | 0 | 978272 | 978272 | 978272 | 0 |

| | | | | | |
|---|---|---|---|---|---|
| MGNREGS | 1263 | 1724876 | 1726139 | 1714756 | 11383 |
| സാക്ഷരത | 46415 | 1803 | 48218 | 36 | 48182 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 5048 | 281 | 5329 | 0 | 5329 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 16849747 | 11902000 | 28751747 | 28105351 | 646396 |
| ജോയിന്റ് വെന്റ്ചർ പ്രോജക്ട് | 0 | 1236100 | 1236100 | 1236100 | 0 |
| തനത് ഫണ്ട് | 3126340 | 12903125 | 16029465 | 9295961 | 6733504 |
| ആകെ | 20028813 | 82605220 | 102634033 | 95189239 | 7444794 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 237 | 94626563 | 161 | 53858768 | 2 | 74 | 67.9% |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 237 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 161 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കും എന്നതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം നിർവ്വഹണദ്യോഗസ്ഥ തലത്തിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 2454613 | 7 | 2338821 | 0 | 0 | 100 |
| 2 | വെറ്റിനറി സർജൻ | 8 | 3095000 | 7 | 3013979 | 1 | 1 | 88 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 2450000 | 5 | 2155219 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 300000 | 1 | 300000 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 950000 | 4 | 949794 | 0 | 0 | 100 |
| 6 | വി.ഇ.ഓ | 11 | 5283500 | 7 | 2091900 | 0 | 4 | 63 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3808889 | 6 | 2787076 | 0 | 0 | 100 |
| 8 | സെക്രട്ടറി | 38 | 7390238 | 24 | 4660584 | 2 | 12 | 63 |
| 9 | വി.ഇ.ഓ | 6 | 2456469 | 6 | 2401469 | 0 | 0 | 100 |
| 10 | അസി.എഞ്ചിനീയർ | 130 | 58231081 | 77 | 28678745 | 0 | 53 | 59 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 4 | 1980000 | 4 | 1064000 | 0 | 0 | 100 |
| 12 | ഹെഡ്മാസ്റ്റർ | 7 | 1810700 | 6 | 1632381 | 0 | 1 | 86 |
| 13 | അസി.സെക്രട്ടറി | 10 | 4416073 | 7 | 1784800 | 0 | 3 | 70 |
| | ആകെ | 237 | | 161 | | 2 | 74 | 70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1263 | 1724876 | 1726139 | 1714756 | 11383 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34105776 | 34105776 | 34105776 | 0 |
| ആകെ | 1263 | 35830652 | 35831915 | 35820532 | 11383 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 170160 | 286 |
| കർഷകതൊഴിലാളി പെൻഷൻ | 3858000 | 1405 |
| വിധവാപെൻഷൻ | 19338700 | 6457 |
| വാർദ്ധക്യകാലപെൻഷൻ | 35625900 | 11059 |
| വികലാംഗ പെൻഷൻ | 4350400 | 1358 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 770000 | 25 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 255500 | 89 |
| ആകെ | **64368660** | **20679** |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2018 രാവിലെ 11.00AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,613/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായി നിർണ്ണയിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മോണിട്ടറിംഗ് സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ/വിതരണ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ടെങ്കിലും സെക്ഷനുകളിൽ തൻ പതിവേട് എഴുതി സൂക്ഷിക്കുകയോ ആയത് സൂപ്പർവൈസർ മോണിട്ടറിംഗ് നടത്തുകയോ ചെയ്യുന്നില്ല. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിയ്ക്ക് സമർപ്പിക്കുന്നില്ല. ഫോറം വിതരണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ച് ചേർക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം മൂന്ന് പ്രാവശ്യം മാത്രമാണ് വിളിച്ച് ചേർത്തിട്ടുള്ളത് (13-12-2017, 08-03-2018, 19-03-2018).

സാമ്പത്തിക പത്രികകൾ സി.ആന്റ് എജി. പുറപ്പെടുവിച്ച മാതൃകയിൽ തന്നെ തയ്യാറാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. സുതാര്യമായ അക്കൌണ്ടിംഗ് സംവിധാനം അനുവർത്തിച്ചിട്ടുണ്ട്. ധനസമാഹരണ-വിനിയോഗം സംബന്ധിച്ച വ്യക്തമായ ചുമതലാ വിഭജനം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവുകളെല്ലാം വൗച്ചറുകളുടെയും സബ് വൗച്ചറുകളുടെയും അടിസ്ഥാനത്തിലാണ്. ബാങ്ക് നീക്കിയിരിപ്പുകൾ സാമ്പത്തിക വർഷാവസാനം ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും മാസാന്ത്യ രജിസ്റ്ററുകളിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിലുള്ള അന്തരം വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വരവ്-ചെലവ് കണക്കുകളുടെ വിലയിരുത്തൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്

## 1-11 വിവരാവകാശ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ അനുബന്ധം II മാതൃകയിലല്ല വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/ 25.09.2018 നൽകിയ മറുപടിയിൽ വരും വർഷങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് -നടപടിക്രമങ്ങളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് സംബന്ധമായ രജിസ്റ്ററുകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഡി & ഒ ലൈസൻസ് സംബന്ധമായ എല്ലാ അപേക്ഷകളും പരിശോധന വിധേയമാക്കി

എ) 2016-17 വർഷത്തിൽ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും 2017-18 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

ബി) സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കുവാനുള്ള നോട്ടീസ് നൽകുന്ന നടപടിക്രമം സ്വീകരിച്ചതായി കാണുന്നില്ല.

സി) ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ള ഭൂരിഭാഗം ഉടമകളും അപൂർണ്ണങ്ങളായ അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കട ഉടമയുടെ പേര് | വ്യാപാര സ്ഥാപനം | വാർഡ് നമ്പർ | അപാകത |
|---|---|---|---|
| ശ്രീമതി വസന്തകുമാരി, സുനിൽ ഭവൻ | റൈസ് ഫ്ളോർ മിൽ | VI/ 298 | എത്ര കുതിര ശക്തിയുള്ള യന്ത്രമാണ് പ്രവർത്തിപ്പിക്കുന്നതെന്ന് അപേക്ഷയിൽ രേഖപ്പെടുത്തലില്ല. എന്നാൽ 100 രൂപ ഫീസിനത്തിൽ ഈടാക്കിയിട്ടുണ്ട് |
| ശ്രീമതി ജയശ്രീ അമ്മ, നാഥശ്രീ | പലചരക്ക് വ്യാപാരം | IV/ 139 | സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം, ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി എ.കെ.നസീമ | പലചരക്ക് വ്യാപാരം | XII | ശരാശരി വിറ്റ് വരവ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| ശ്രീ. എ.കെ.നസീർ | പേപ്പർ കപ്പ്, പേപ്പർ പ്ലേറ്റ് വ്യാപാരം | XII/ 409,410,411 | ശരാശരി വിറ്റ് വരവ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീ. വി.ഷാജി, കിഴക്കതിൽ വീട് | സ്റ്റേഷനറി വ്യാപാരം | XIII/495 B | സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം, ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി എച്ച്.ഷൈല, ഷബാനാ മൻസിൽ | ഫ്ളവർ മിൽ | XIV/ 529 | എത്ര കുതിര ശക്തിയുള്ള യന്ത്രമാണ് പ്രവർത്തിപ്പിക്കുന്നത്, സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം, ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ. കെ.ഹരികുമാർ, ഉഷാ മന്ദിരം | ടീ സ്റ്റാൾ | IV/249 | ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് പി.എച്ച്.സി യിൽ നിന്നുള്ള സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 24.03.2017 ലെ I(7) നമ്പർ തീരുമാനം പാലിച്ചിട്ടില്ല. |
| ശ്രീ. റ്റി.മഹേന്ദ്രൻ നായർ | ഹോളോ ബ്രിക്സ് നിർമ്മാണം | XVI/321 C | എത്ര കുതിര ശക്തിയുള്ള യന്ത്രമാണ് പ്രവർത്തിപ്പിക്കുന്നത്, സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം, ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ.മനോജ്.എസ് | സ്പെയർ പാർട്സ് വ്യാപാരം | XVI/ 079 | സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം, ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ. എം.എസ്.നൗഷാദ് | ടിൻ ഫുഡ്സ്, പാനീയങ്ങൾ | XII/ 494 | ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് പി.എച്ച്.സി യിൽ നിന്നുള്ള സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 24.03.2017 ലെ I(7) നമ്പർ തീരുമാനം പാലിച്ചിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/22.09.2018) മറുപടിയായി വരും വർഷങ്ങളിൽ ഈ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

## 2-2 സ്വകാര്യ സ്ഥാപനങ്ങളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങളിലെ വീഴ്ച

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ സ്ഥാപനങ്ങളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 4 പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെ/കെട്ടിടങ്ങളുടെ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങൾ എന്നിവയുടെ നിജസ്ഥിതി പരിശോധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. ചട്ടം 6 പ്രകാരം രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 2 മാതൃകയിലുള്ള പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ആർ.വി.ഹോസ്പിറ്റൽ-പുളിമൂട്, എസ്.കെ.മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി-പുളിമൂട് എന്നീ ആശുപത്രികൾക്ക് രജിസ്ട്രേഷൻ നൽകിയിരിക്കുന്നത് ഈ നടപടിക്രമങ്ങൾ പാലിക്കാതെയാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആശുപത്രികൾ പുതുക്കാൻ അപേക്ഷ സമർപ്പിക്കേണ്ടത് ഫോറം 5 ൽ ആണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ആർ.വി ഹോസ്പിറ്റൽ പുതുക്കാൻ അപേക്ഷ നൽകിയിരിക്കുന്നത് ഫോറം 4 ൽ ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 6/24.09.2018 നൽകിയ മറുപടി തൃപ്തികരമല്ല. നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച ശേഷം മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. സദ്ഭരണം വർക്കിംഗ് ഗ്രൂപ്പിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മിനിട്സുകൾ പരിശോധിച്ചതിൽ ഇത് സംബന്ധിച്ച ചർച്ചകളൊന്നും നടന്നതായി രേഖപ്പെടുത്തലില്ല.

## 2-3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- നടപടിക്രമങ്ങളിലെ വീഴ്ച

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 3 പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെ/കെട്ടിടങ്ങളുടെ സുരക്ഷിതത്വം, തറ വിസ്തീർണ്ണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ പരിശോധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. ചട്ടം 6 പ്രകാരം രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 2 മാതൃകയിലുള്ള പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം എക്സ്ട്രീം പി.എസ്.സി എക്സാംസ് ആന്റ് കോച്ചിംഗ് സെന്റർ-പുളിമൂട് എന്ന സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകുന്നതിന് ഈ നടപടിക്രമങ്ങൾ പാലിക്കാതെയാണ്. കൂടാതെ എക്സ്ട്രീം പി.എസ്.സി എക്സാംസ് ആന്റ് കോച്ചിംഗ് സെന്റർ-

പുളിമൂട് എന്ന സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ കാലയളവ് 31.03.2018 ൽ അവസാനിച്ചു. ആയത് ഓഡിറ്റ് തീയതി വരെയും (22.09.2018) പുതുക്കി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07) നൽകിയ മറുപടി തൃപ്തികരമല്ല. അംഗീകാരം ഇല്ലാത്ത സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തനം തുടരുന്നുവെങ്കിലും ആയത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ പഞ്ചായത്തിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 മാർക്കറ്റിന്റെ പരിപാലനം തൃപ്തികരമല്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും ചട്ടങ്ങളിലെ) ചട്ടം 18 ഉപചട്ടം 10 പ്രകാരം പൊതുമാർക്കറ്റുകളിൽ പഞ്ചായത്ത് ശുദ്ധ ജല വിതരണം, കക്കൂസുകൾ, മൂത്രപ്പുരകൾ, അഴുക്കുചാലുകൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപം സ്ഥിതി ചെയ്യുന്ന മുടപുരം പബ്ലിക് മാർക്കറ്റ് ഈ സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങൾ ഭൂരിഭാഗവും ശോചനീയാവസ്ഥയിലുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/26.09.2018) നൽകിയ മറുപടിയിൽ മാർക്കറ്റിന്റെ നവീകരണം ഉടൻ തന്നെ ആരംഭിക്കുന്നതാണെന്ന് മറുപടി നൽകി. ആരോഗ്യ വകുപ്പിലെ ഹെൽത്ത് അസിസ്റ്റന്റ് തസ്തികയിലെ ഉദ്യോഗസ്ഥർ മാർക്കറ്റിൽ പരിശോധന നടത്താറുണ്ടെന്ന് ഗ്രാമപഞ്ചായത്ത് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും ഇത് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും ഹാജരാക്കിയില്ല. മാർക്കറ്റിൽ പൗൾട്രി വ്യാപാരത്തിനുള്ള ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ലെങ്കിലും മാർക്കറ്റിൽ നടത്തിയ സ്ഥല പരിശോധനയിൽ അനധികൃതമായി പൗൾട്രി വ്യാപാരം നടക്കുന്നതായി കണ്ടെത്തി. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല.

2017-18 വർഷം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച ഫയലുകളിൽ 35 എണ്ണം തെരഞ്ഞെടുത്ത് പരിശോധനാ വിധേയമാക്കി.

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2) പ്രകാരം പെർമിറ്റിന് അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനുള്ളിൽ അതിന്മേൽ തീർപ്പ് കൽപ്പിക്കാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ, പ്ലാൻ എന്നിവ അംഗീകരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പഞ്ചായത്തിൽനിന്നും തീർപ്പ് കൽപ്പിച്ച തീയതി |
|---|---|---|---|
| 1 | A3-1682/18 | ശ്രീ.നാസറുദ്ദീൻ, ആർ.എസ് മൻസിൽ | 25.04.2018 |

| | | | |
|---|---|---|---|
| | 12.03.2018 | | |
| 2 | A3-2149/18 28.03.2018 | ശ്രീ.പുഷ്കരൻ, സി.കെ.പി ഹൗസ് | 17.05.2018 |
| 3 | A3-2033/18 24.03.2018 | ശ്രീമതി ജി.ലേഖ, ആർദ്ര ഭവൻ | 06.05.2018 |
| 4 | A3-1804 16.03.2018 | ശ്രീ.എസ്.ആർ.രാജേഷ്, ഐശ്വര്യ | 07.05.2018 |
| 5 | A3-1666/18 12.03.2018 | ശ്രീ.രാജു, കടമ്പാട്ട് വീട് | 17.04.2018 |
| 6 | A3-1357/18 27.02.2018 | ശ്രീ.ചന്ദ്രൻ, ചരുവിള വീട് | 23.04.2018 |
| 7 | A3-1320/18 26.02.2018 | ശ്രീ.ഗോപിനാഥൻ, കാർത്ത്യായനി ഭവൻ | 23.04.2018 |
| 8 | A3-1305/18 26.02.2018 | ശ്രീ.അതുൽ സെൻ, സജിവിഹാർ | 17.04.2018 |
| 9 | A3-1041/18 16.02.2018 | ശ്രീമതി അൻസി, കുടുംബത്ത് വീട് | 11.04.2018 |
| 10 | A3-1001/18 15.02.2018 | ശ്രീമതി ലജ്ന/ ശ്രീ.സിദ്ധാർത്ഥ്, ശിവകൃപ | 26.03.2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/22.09.2018) ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പദ്ധതി നിർവ്വഹണത്തിന്റെ ജോലി ഭാരം നിമിത്തമാണ് സമയബന്ധിതമായി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാൻ കാലതാമസം വന്നതെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടറിംഗ്- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയില്ല

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫാറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫീ | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 160/18 | പോലയിൽ നാഗരുകാവ് ക്ഷേത്രം റോഡ് സംരക്ഷണ ഭിത്തി | 1700 | 4 | 6800 |
| 2 | 188/18 | പുല്ലുകാട് ആർ.ആർ റീട്ടെയിനിംഗ് വാൾ ആന്റ് റീട്ടാറിംഗ് | 2100 | 2 | 4200 |
| 3 | 185/18 | മാമം നട അരികത്ത് വാർ റീടെയിനിംഗ് വാൾ ആന്റ് റീ കോൺക്രീറ്റിംഗ് | 2100 | 2 | 4200 |
| 4 | 149/18 | തൈക്കാവ് ജംഗ്ഷൻ കാട്ടുമുറാക്കൽ റോഡ് റീടാറിംഗ് | 2600 | 2 | 5200 |
| 5 | 162/18 | തൈക്കാവ് പാൽ സൊസൈറ്റി റോഡ് റീട്ടെയിനിംഗ് വാൾ ഫെൻസിംഗ് കോൺക്രീറ്റിംഗ് | 2300 | 3 | 6900 |
| 6 | 143/18 | കലങ്ങറ വിള റോഡ് റീട്ടെയിനിംഗ് വാൾ ആന്റ് റീ കോൺക്രീറ്റിംഗ് | 1200 | 2 | 2400 |
| 7 | 137/18 | അണ്ടൂർ ചരുവിള കോളനി റോഡ് റീടെയിംനിംഗ് വാൾ | 1100 | 1 | 1100 |
| 8 | 271/18 | കൺസ്ട്രക്ഷൻ ഓഫ് കോമ്പൗണ്ട് വാൾ ഇൻ പഞ്ചായത്ത് ഓഫീസ് | 1000 | 1 | 1000 |
| ആകെ | | | 14100 | | 31800 |

ടെണ്ടർ ഫോറ വിലയായ 31,800/- രൂപ തിരികെ ലഭിക്കാൻ മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** വിനിയോഗ വിവരങ്ങളില്ല

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളിൽ 8,89,760/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

എ) നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ നമ്പർ | ചെലവ് തുക | കൈപ്പറ്റിയത് |
|---|---|---|---|---|---|---|
| i | SOO18/18 | കേരള സാമൂഹിക സുരക്ഷാ മിഷന് വിഹിതം നൽകൽ | വികസന ഫണ്ട് | 07/11.07.2017 | 1,05,855 | ഐ.കെ.എം |
| ii | SO268/18 | 95-ാം നമ്പർ അങ്കണവാടിയിലേക്ക് കുടിവെള്ള കണക്ഷൻ നൽകൽ | ധനകാര്യ കമ്മിഷൻ അവാർഡ് | 31/21.02.2018 | 21,905 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി ആറ്റിങ്ങൽ |
| iii | SO245/18 | ജലശ്രീ പദ്ധതി | വികസന ഫണ്ട് | 23/11.12.2017 | 1,00,000 | ജില്ലാ പഞ്ചായത്ത് |
| iv | SO267/18 | തെരുവ് വിളക്ക് സ്ഥാപിക്കൽ - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 30/21.02.2018 | 37,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. അവനവൻചേരി |
| ആകെ | | | | | 2,64,760 | |

വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 10/24.09.2018, 18/25.09.2018 ) വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ബി) നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ നമ്പർ | ചെലവ് തുക | കൈപ്പറ്റിയത് |
|---|---|---|---|---|---|---|
| i | SOO109/18 | കന്നുകുട്ടി പരിപാലനം | വികസന ഫണ്ട് | 01/29.01.2018 | 6,25,000 | എസ്.എൽ.ബി.പി. ഡെപ്യൂട്ടിഡയറക്ടർ |

വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 8,89,760/- രൂപയുടെ (2,64,760 + 6,25,000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ - പ്രവർത്തനം വിലയിരുത്തലിന് വിധേയമാക്കണം

ഗ്രാമസഭാംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്റ്റൻഷൻ കേന്ദ്രമായും വിവിധ ചുമതലകൾ വാർഡ് തലത്തിൽ നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നും

ഗ്രാമകേന്ദ്രം പ്രവർത്തന മാർഗ്ഗരേഖയിൽ - ജി.ഒ.(എം.എസ്)/112/2014/തസ്വഭവ തീയതി 25.06.2014 – നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ ഗ്രാമകേന്ദ്രങ്ങൾ വഴി ഗുണഭോക്തൃ അപേക്ഷാഫോമുകൾ, നോട്ടീസുകൾ എന്നിവ മാത്രമാണ് വിതരണം ചെയ്യുന്നത് (ഓഡിറ്റ് എൻക്വയറി നമ്പർ 10/24.09.2018ന്റെ മറുപടി).

ഗ്രാമകേന്ദ്രങ്ങൾക്കുവേണ്ടി രൂപീകരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തിയില്ല.

2017-18 വർഷം രൂപീകരിച്ച പ്രോജക്ടുകളുടെ വിശദാംശം.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|---|
| i | SO101/18 | ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ | തനത് ഫണ്ട് - 4,50,000 | 0 |
| ii | SOO14/18 | സേവാഗ്രാം - വാടക | തനത് ഫണ്ട്- 2,23,391 | 64,139 |
| iii | SOO12/18 | സേവാഗ്രാം അടിസ്ഥാന സൗകര്യം ഒരുക്കൽ | തനത് ഫണ്ട് - 3,52,500 | 1,42,903 |
| iv | SOO17/18 | സേവാഗ്രാം ബോർഡ് സ്ഥാപിക്കൽ | വികസന ഫണ്ട് – 28,627<br>തനത് ഫണ്ട് – 63 | 0 |

പ്രസ്തുത പ്രോജക്ടുകളിൽ സേവാഗ്രാം ബോർഡ് സ്ഥാപിക്കുന്നതിനായി 2016-17 വർഷം SO180/17-ാം നമ്പരായി പ്രോജക്ട് രൂപീകരിച്ചെങ്കിലും നടപ്പാക്കിയില്ല. വകയിരുത്തിയ തുകയ്ക്ക് ഗുണമേന്മയുള്ള ബോർഡ് തയ്യാറാക്കി നൽകാൻ ആരും തയ്യാറാകാഞ്ഞതാണ് സ്പിൽഓവർ പ്രോജക്ടും നടപ്പാക്കാഞ്ഞതിന് കാരണമായി വിശദീകരിച്ചിരിക്കുന്നത് (ഓഡിറ്റ് എൻക്വയറി നമ്പർ 10/24.09.2018ന്റെ മറുപടി). ഗ്രാമകേന്ദ്രങ്ങൾക്കായി സ്ഥലം വാങ്ങുന്നതിന് 16.11.2017ൽ പത്ര പരസ്യം നൽകിയതല്ലാതെ മറ്റ് നടപടികളൊന്നും സ്വീകരിച്ചില്ല. തൻവർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 9 ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ വാങ്ങി നൽകി. സ്വന്തമായി കെട്ടിടമുള്ള രണ്ട് ഗ്രാമകേന്ദ്രങ്ങളാണുള്ളത്.

പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ) വർക്കിംഗ് ഗ്രൂപ്പ്, ഭൂമി വാങ്ങി ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്ന പദ്ധതി നിർദ്ദേശം സമർപ്പിച്ചതല്ലാതെ (27.02.2017) പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിലോ ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലോ ഇടപെട്ടതായി കാണുന്നില്ല. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനവും വിഭിന്നമല്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമ കേന്ദ്രങ്ങളുടെയും പ്രവർത്തനം വിലയിരുത്തി, പ്രവർത്തന മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പൊതുജനങ്ങൾക്കുള്ള സേവനം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ലൈഫ് ഭവന പദ്ധതി- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

എ)പ്രോജക്റ്റ് നമ്പർ -SO 275/18 (ജനറൽ)

പ്രോജക്റ്റിന്റെ പേര് - ലൈഫ് ഭവന പദ്ധതി
(പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം,
ബ്ലോക്ക്പഞ്ചായത്തിന് നൽകേണ്ടത്)

അടങ്കൽ - 5,69,020/-

ചെലവ് - 5,69,020/-

ബിൽ നമ്പർ - 07/17-18 തീയതി 21.02.2018

ബി)പ്രോജക്റ്റ് നമ്പർ -SO 276/18 (എസ്.സി.പി)

പ്രോജക്റ്റിന്റെ പേര് - ലൈഫ് ഭവന പദ്ധതി
(പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം,
ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടത്)

അടങ്കൽ - 7,47,449/-

ചെലവ് - 7,47,449/-

ബിൽ നമ്പർ - 08/17-18 തീയതി 21-02-2018

വി.ഇ.ഓ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടത് (ജനറൽ, എസ്.സി.പി) വിഹിതമായി 5,69,020/-, 7,47,449/- എന്നീ തുകകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകകൾ കൈമാറിയതിന്റെ മാനദണ്ഡം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തുക ആവശ്യപ്പെട്ടതിന്റെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ എണ്ണം, ഓരോ ഗുണഭോക്താവിനും നൽകാനുള്ള തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/25.09.2018) രേഖകൾ ഹാജരാക്കുന്നതിന് സമയം അനുവദിച്ച് നൽകണമെന്ന് നിർവ്വഹണോദ്യോഗസ്ഥ ആവശ്യപ്പെട്ടു.ഇക്കാരണത്താൽ 13,16,469/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ– അവലോകനം

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തികവർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശവും സ.ഉ(എം.എസ്)80/2017/ lsgd തീയതി 03.04.2017 ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമവും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സർക്കാർ മാർഗ്ഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും സമയവും നിശ്ചയിക്കൽ | നിർദ്ദേശം പാലിച്ചിട്ടുണ്ട് |

| | | |
|---|---|---|
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം | മാർക്ക് രേഖപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് (അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം | ഫീൽഡ് ലെവൽ പരിശോധന നടത്തിയിട്ടില്ല (അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 5 | പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കണം | നടപടിക്രമം പാലിക്കാതെ ലിസ്റ്റ് തയ്യാറാക്കി |
| 6 | കരട് മുൻഗണന ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | തയ്യാറാക്കിയ ലിസ്റ്റ് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് നൽകണം | 25-07-2017 ലെ II(1) നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. |

വാർഡ്തല ഗ്രാമസഭാ ലിസ്റ്റിനെ പഞ്ചായത്ത് തലത്തിൽ ലിസ്റ്റ് ആക്കിയിട്ടില്ല. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## **3-5** മൃഗസംരക്ഷണം, ക്ഷീരവികസനം- സ്റ്റാറ്റസ് റിപ്പോർട്ടും നടപ്പിലാക്കിയ പദ്ധതികളും പൊരുത്തപ്പെടുന്നില്ല

2017-18 സാമ്പത്തിക വർഷം മൃഗ സംരക്ഷണം, ക്ഷീരവികസനം മേഖലയിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നതീവ്രത ലഘൂകരിക്കുന്നതിന് വേണ്ടി പദ്ധതി ആസൂത്രണ പ്രക്രിയയിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുള്ള മൃഗസംരക്ഷണം-ക്ഷീരവികസനം എന്ന വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രശ്ന വിശകലനം | പ്രശ്നത്തിന്റെ തീവ്രത | തൻവർഷത്തെ പ്രോജക്ട് ആശയങ്ങൾ | തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ |
|---|---|---|---|
| വേനലിലെ ജലദൗർലഭ്യം | അതീവ ഗുരുതരം | മഴവെള്ള സംഭരണികൾ | കാലിത്തീറ്റയ്ക്ക് സബ്സിഡി, മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ, എ.ബി.സി പ്രോഗ്രാം, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| മൃഗാശുപത്രിയുടെ ശോച്യാവസ്ഥ | അതീവ ഗുരുതരം | മൃഗാശുപത്രിക്ക് പുതിയ കെട്ടിടം | |
| തീറ്റപ്പുൽ, വൈക്കോൽ ദൗർലഭ്യം | അതീവ ഗുരുതരം | നെൽകൃഷി, പുൽകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക | |

അതാത് മേഖലയുടെ നിലവിലെ പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും പഠന വിധേയമാക്കി മുൻഗണനാക്രമത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യമാണ്. ഇതനുസരിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. വരും വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾക്ക് മുൻഗണന നൽകി പദ്ധതികൾ തയ്യാറാക്കി പഞ്ചായത്തിന്റെ വികസനം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 വ്യക്തമായ കണക്കുകളില്ലാതെ തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ, തെരുവ് വിളക്കുകളുടെ കണക്കുകൾ സൂക്ഷിക്കുന്നതിലും മീറ്റർ സ്ഥാപിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

2017-18 വർഷം തെരുവ് വിളക്ക് ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 14,86,110/-രൂപ ചെലവഴിച്ചിട്ടുണ്ട് [അവലംബം - വാർഷിക ധനകാര്യ പത്രിക (RP 12)]. കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഡിമാന്റിനെ ആധാരമാക്കിയാണ് ഇലക്ട്രിസിറ്റി ചാർജ് ഒടുക്കിവരുന്നത്. വാർഡ് തിരിച്ചുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കണക്ക് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 28/26.09.2018ന്റെ മറുപടി).

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.07.2017ലെ യോഗത്തിൽ പൊതു ടാപ്പുകൾ, തെരുവ് വിളക്കുകൾ എന്നിവയുടെ കണക്ക് വാർഡ് അടിസ്ഥാനത്തിൽ എടുത്ത് നൽകണമെന്ന മുൻശുപാർശ നാളിതുവരെ മെമ്പർമാർ ഗൗരവമായി എടുത്തിട്ടില്ലായെന്ന് വിലയിരുത്തുകയും ആയത് അടിയന്തിരമായി ശേഖരിക്കുന്നതിന് വാർഡ് മെമ്പർമാർ മുൻകൈ എടുക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

തെരുവ് വിളക്ക് മീറ്ററിംഗിനായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രോജക്ടിന് (SO267/18) 5,08,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും 37,000/- രൂപ മാത്രമാണ് ചെലവഴിച്ചത്. നിലവിൽ 15 കൺസ്യൂമർ നമ്പരുകളിൽ

മാത്രമാണ് മീറ്റർ സ്ഥാപിച്ചിട്ടുള്ളത്.

തെരുവ് വിളക്ക് അറ്റകുറ്റപണിക്കായും എൽ.ഇ.ഡി സ്ഥാപിക്കുന്നതിനായും 2017-18 വർഷം ചുവടെപ്പറയുംപ്രകാരമുള്ള പ്രോജക്റ്റുകൾ രൂപീകരിച്ച് ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| i | SOOO9/18 | തെരുവ് വിളക്ക് അറ്റകുറ്റപണികൾ (എ.എം.സി) | 3,68,500 | മെയിന്റനൻസ് ഫണ്ട് |
| ii | SOO94/18 | തെരുവ് വിളക്ക് അറ്റകുറ്റപണികൾ (എ.എം.സി) | 1,49,500 | മെയിന്റനൻസ് ഫണ്ട് |
| iii | SOO10/18 | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 3,84,000 | മെയിന്റനൻസ് ഫണ്ട് |
| iv | SOO16/18 | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 4,48,000 | വികസനഫണ്ട് (343079) ധനകാര്യകമ്മീഷൻ അവാർഡ് (104921) |
| v | SOO99/18 | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (ഒന്നാം ഘട്ടം) | 1,42,000 | ധനകാര്യകമ്മീഷൻ അവാർഡ് |
| ആകെ | | | 14,92,000 | |

ഇപ്രകാരം 30,15,110/-രൂപ (14,92,000+37,000+14,86,110) തെരുവ് വിളക്ക് പരിപാലനത്തിനായി വിവിധ ഫണ്ടുകളിൽ നിന്നും വിനിയോഗിച്ചിട്ടുണ്ടെങ്കിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനിവാര്യമായ ഇടപെടൽ ഉണ്ടാകേണ്ട സംഗതികളിൽ അപ്രകാരമുണ്ടായിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഭരണ സമിതിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-7 കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിന് അനുസൃതമായ തുടർ നടപടികൾ ഉണ്ടാകണം

ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയിൽ ഉല്പാദന വർദ്ധവിനുതകുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിൽ കാര്യമായ പുരോഗതിയുണ്ടായെങ്കിലും സംഭരണ വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടിയുണ്ടായിട്ടില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെപ്പറയും പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| i | SOO88/18 | വാഴകൃഷി വികസനം | 1,40,625 | 1,17,000 |
| ii | SOO89/18 | വാഴകൃഷി വികസനം(SCP) | 40,000 | 25,000 |

| | | | | |
|---|---|---|---|---|
| iii | SOO92/18 | കേരകൃഷി(രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ) | 3,39,125 | 3,39,000 |
| iv | SOO95/18 | കിഴങ്ങ് കൃഷി വികസനം | 1,66,875 | 1,18,125 |
| v | SOO98/18 | നെൽകൃഷി വികസനം(ഒന്നാം വിള) | 11,54,699 | 11,49,279 |
| vi | SOO102/18 | നെൽകൃഷി വികസനം(രണ്ടാം വിള) | 7,98,675 | 6,05,656 |
| vii | SO104/18 | ജൈവസമൃദ്ധി | 4,59,600 | 4,59,600 |
| ആകെ | | | 30,99,599 | 28,13,660 |

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഒന്നാംവിള നെൽകൃഷിയിൽ 60 ശതമാനത്തിൽപ്പരം വർദ്ധനവുണ്ടായതായും ഇതുവഴി 100 ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. തരിശ്ശായിക്കിടന്ന 5 ഹെക്ടറോളം സ്ഥലത്ത് പച്ചക്കറികൃഷി വ്യാപിപ്പിച്ചതുവഴി 60 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. വാഴകൃഷിയിൽ 60 ടണ്ണും കിഴങ്ങ് വർഗ്ഗ കൃഷിയിൽ 35 ടണ്ണും ഉല്പാദന വർദ്ധനവുണ്ടായി (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 37/28.09.2018ന്റെ മറുപടി). കേന്ദ്രീകൃത വിപണനത്തിനും മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണത്തിനുമുള്ള സംവിധാനത്തിന്റെ അഭാവം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഇക്കോഷോപ്പ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഉല്പാദന വർദ്ധനവുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി കാർഷിക വികസന - കർഷക ക്ഷേമ വകുപ്പ് ഓരോ ആഴ്ച ചന്തയും ഇക്കോഷോപ്പും അനുവദിച്ചെങ്കിലും സ്ഥലസൗകര്യം ലഭ്യമാക്കാത്തതിനാൽ നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടങ്ങളിൽ കൃഷി അനുബന്ധ മേഖലകൾ - വർക്കിംഗ് ഗ്രൂപ്പ് നടത്തിയ ഇടപെടലുകളുടെയും മോണിറ്ററിംഗിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ഉല്പന്ന വർദ്ധനവിന് അനുസൃതമായ തുടർ പ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ തുക | ചെലവ് തുക | പ്രോജക്ട് ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആകെ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 85/18 | ഭവന പുനരുദ്ധാരണം (എസ്.സി) | 700000 (വി.ഫണ്ട്) | 75000 (ബിൽ നമ്പർ 01/94187 തീയതി 30.06.17 | 2012-13 | 175 | 19 |
| | | | | | 2013-14 (സ്പി.ഓ) | 150 | 19 |
| | | | | | 2014-15 (സ്പി.ഓ) | 191 | 22 |
| | | | | | 2015-16 | ലഭ്യമാക്കിയില്ല | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | (സ്പി.ഓ) | | |
| | | | | | 2016-17 (സ്പി.ഓ) | 0 | 0 |
| | | | | | 2017-18 (സ്പി.ഓ) | ലഭ്യമാക്കിയില്ല | 3 |
| 2 | 86/18 | ഭവന പുനരുദ്ധാരണം (എസ്.സി വനിത) | 575000 500000 (തന.ഫണ്ട്) 75000 (വി.ഫണ്ട്) | 75000 (ബിൽ നമ്പർ 02/194186 തീയതി 30.06.17) | 2012-13 | 126 | 13 |
| | | | | | 2013-14 (സ്പി.ഓ) | 124 | 26 |
| | | | | | 2014-15 (സ്പി.ഓ) | 189 | 39 |
| | | | | | 2015-16 (സ്പി.ഓ) | 107 | 4 |
| | | | | | 2016-17 (സ്പി.ഓ) | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| | | | | | 2017-18 (സ്പി.ഓ) | ലഭ്യമാക്കിയില്ല | 3 |

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ രണ്ട് പദ്ധതികളും 2012-13 ൽ ആരംഭിച്ച് 2017-18 സാമ്പത്തിക വർഷം വരെ തുടർന്നു. 2012-13 മുതൽ 2014-15 വരെ ഗുണഭോക്തൃ ലിസ്റ്റ് ഓരോ വർഷവും പുതുതായി രൂപീകരിച്ചു. ഓരോ ലിസ്റ്റിൽ നിന്നും വളരെ തുച്ഛമായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ ശേഷം പദ്ധതി വീണ്ടും സ്പിൽ ഓവർ ആയി വർഷങ്ങളോളം തുടർന്നു. സ.ഉ(എം.എസ്)നം80/2017 /തസ്വഭവ തീയതി 03.04.2017 ഖണ്ഡിക 20(2a, 10a) പ്രകാരം അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ പുതുക്കിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ എന്നും സമാന സ്വഭാവമുള്ള പ്രോജക്ട് തുടർ വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുവെങ്കിൽ പ്രസ്തുത പ്രോജക്ടിനുവേണ്ട ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ വീണ്ടും തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത മാർഗ്ഗരേഖ ലംഘിച്ച് ഓരോ വർഷവും പുതുക്കിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം നൽകിയത് മാർഗ്ഗരേഖയുടെ ലംഘനമാണ്. കൂടാതെ പദ്ധതി വർഷങ്ങളോളം തുടർന്നത് പദ്ധതി ലക്ഷ്യം കൈവരിക്കാനാകാത്തതിനാലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ കീഴിൽ വരുന്ന പ്രസ്തുത പ്രോജക്ടിനെക്കുറിച്ചുള്ള യാതൊരു ചർച്ചയും 27.02.2017, 17.01.2018 എന്നീ തീയതികളിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നടന്നിട്ടില്ല. പദ്ധതി രൂപീകരണവും ആസൂത്രണവും ലക്ഷ്യ പ്രാപ്തിയും വിലയിരുത്താതെ പദ്ധതികൾ അനന്തമായി നീണ്ടു പോകുന്നത് പ്രോജക്ട് നിർവ്വഹണത്തിന്റെ അപാകതയാണ്. ഇത്തരം വിഷയങ്ങൾ ഗൗരവമായി കണക്കിലെടുത്ത് വരും വർഷങ്ങളിൽ പദ്ധതി ആസൂത്രണം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-9** ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരുടെയും അഗതികളുടെയും ഉന്നമനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണ് ആശ്രയ. അസി.സെക്രട്ടറി/വി.ഇ.ഓ നിർവ്വഹണോദ്യോഗസ്ഥരായി ആശ്രയ ഭവന പുനരുദ്ധാരണം(പ്രോജക്ട് നമ്പർ SO 83/14, അടങ്കൽ തുക 175000/-, പ്രോജക്ട് നമ്പർ 105/18, അടങ്കൽ 5,00,000) എന്നീ പ്രോജക്ടുകൾ രൂപീകരിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ജി.ഓ(എം.എസ്)നം 72/2017/തസ്വഭവ തീയതി 29.03.2017 ഖണ്ഡിക 11.3 (7) പ്രകാരം അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ട പ്രോജക്ടാണ് ആശ്രയ. സമൂഹത്തിലെ അഗതികളുടെ പുനരധിവാസത്തിന് വേണ്ടി നടപ്പിലാക്കേണ്ട നിർബന്ധിത പ്രോജക്ട് നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21) ന് നൽകിയ മറുപടിയിൽ പ്രസ്തുത ആനുകൂല്യത്തിന് തെരഞ്ഞെടുത്ത 3 ഗുണഭോക്താക്കളും ഹാജരാകാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാത്തതെന്ന് നിർവ്വഹണോദ്യോഗസ്ഥർ മറുപടി നൽകി. എന്നാൽ രണ്ട് നിർവ്വഹണോദ്യോഗസ്ഥരെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ചപ്പോൾ ഗുണഭോക്താക്കളെ ആവശ്യാനുസരണം കണ്ടെത്താതിരുന്നത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ 27.02.2017ൽ കൂടിയ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിലോ ആശ്രയ പുനരുദ്ധാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ഭരണ സമിതി ഇക്കാര്യത്തിൽ കാര്യക്ഷമമായി ചർച്ച നടത്തി അഗതി പുനരധിവാസത്തിന് വേണ്ട രീതിയിൽ ഉള്ള പദ്ധതികൾ നടപ്പിലാക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി ഫലപ്രദമായി വരും വർഷങ്ങളിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

2016 ലെ കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ചട്ടം നിലവിൽ വന്ന് ആറു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രസ്തുത ചട്ടം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. മേൽ ചട്ടപ്രകാരം നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരി ബാഗുകളിലും മൾട്ടി ലെയർ പാക്കുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000/- രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ഫീസിനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.09.2014 ലെ 576/ഡി.സി.1/16 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മാലിന്യ നിർമ്മാർജ്ജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഇതിന്മേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കരട് ബൈലാ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിന് 14.8.17ൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചതായി പറയുന്നു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-11 എ.ബി.സി പ്രോഗ്രാം ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - SO 111/18
പ്രോജക്ടിന്റെ പേര് - എ.ബി.സി പ്രോഗ്രാം
അടങ്കൽ തുക - 200000 (വികസന ഫണ്ട്)
ചെലവ് - 200000
ബിൽ നമ്പർ - 02/2017-18 തീയതി 09.01.2018

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്കായി 2,00,000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/28.09.2018) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക പദ്ധതി നടത്തുന്നതിനായി കുടുംബശ്രീയെ ഏൽപ്പിച്ചിട്ടുണ്ടെന്നും ആയതിന് കൈപ്പറ്റ് രസീത് നൽകിയിട്ടില്ലെന്നും പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്ത പക്ഷം നൽകിയ തുക കുടുംബശ്രീയിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം നടന്നിട്ടില്ലാത്തതിനാൽ ചെലവ് തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 അതീവ ഗുരുതര ഗണത്തിൽപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നില്ല

സ്റ്റാറ്റസ് റിപ്പോർട്ട്, അന്തിമ പദ്ധതി രേഖ എന്നിവ പ്രകാരം അതീവ ഗുരുതരം ആയി തരം തിരിച്ചിട്ടുള്ള മരാമത്ത് പദ്ധതികൾ 2017-18 വർഷം ആവിഷ്കരിക്കുകയോ ആവിഷ്കരിച്ച ശേഷം നടപ്പിലാക്കുകയോ ചെയ്യുന്നില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നേരിടുന്ന പ്രശ്നങ്ങൾ | പ്രശ്ന തീവ്രത | പ്രശ്ന കാരണം | പ്രശ്ന പരിഹാര നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| 1 | പൊതു നിരത്തുകളിലെ ഡ്രെയിനേജ് സംവിധാനം | അതീവ ഗുരുതരം | നിരത്തിൽ വെള്ളം കെട്ടിനിൽക്കുന്നു | ഓട നിർമ്മാണം, സ്ലാബിടൽ | മൂന്ന് പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ ഒരെണ്ണം മാത്രമേ നടപ്പിലാക്കിയുള്ളൂ |
| 2 | പൊതു നിരത്തുകളിലെ ഡ്രെയിനേജ് സംവിധാനം (കലുങ്കുകൾ പുതുക്കി പണിയൽ) | അതീവ ഗുരുതരം | പഴക്കം ചെന്നവ | കലുങ്ക് നിർമ്മാണം | പദ്ധതി ആരംഭിച്ചില്ല |

സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്ന പ്രശ്നങ്ങൾക്ക് പതിമൂന്നാം പദ്ധതി ലക്ഷ്യമിട്ട പ്രകാരം മുൻഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിയമപരമായ ചുമതല ഇക്കാര്യത്തിൽ നിർവ്വഹിച്ചില്ലെന്ന് വിലയിരുത്തുന്നു.

## 3-14 ആയുർവേദ ആശുപത്രി മെയിന്റെനൻസ് - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്തില്ല

പദ്ധതി നമ്പർ - 73/18
പദ്ധതി അടങ്കൽ - 4,00,000/-
ബിൽ നമ്പർ - 15/18 തീയതി 28.9.2017
എം. ബുക്ക് നമ്പർ - 171/16-17
നിർവ്വഹണം - അസി.എഞ്ചിനീയർ

മേൽപ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ ഐറ്റം നമ്പർ 1 പ്രകാരം ചുവടെപ്പറയുന്ന 19 സാധനങ്ങൾ ഡിസ്മാന്റിൽ ചെയ്ത് ആശുപത്രിയുടെ പിന്നാമ്പുറത്ത് സൂക്ഷിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ജനൽ | 9 |
| 2 | വാതിൽ | 7 |
| 3 | ഗ്രിൽ ഫ്രെയിം | 1 |
| 4 | വെന്റിലേറ്റർ | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ സാധനങ്ങളും കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 154 പ്രകാരം ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 3-15 സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതികൾ നീളുന്നു

16.11.2013 ലെ സർക്കാർ ഉത്തരവ് 362/2013/തസ്വഭവ ഖണ്ഡിക 11.3 xii(ഇ) പ്രകാരം ഒരു സ്പിൽ ഓവർ പദ്ധതി സ്പിൽ ഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ കിഴവിലം ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം രൂപീകരിച്ച പ്രവൃത്തികൾ സ്പിൽ ഓവർ ആയ 2017-18ലും പൂർത്തീകരിക്കപ്പെടാതെ 2018-19ലും തുടരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 31/27.09.2018 ന് നൽകിയ മറുപടി പ്രകാരം)

| ക്രമനം | പ്രോജക്റ്റ് നമ്പർ, പേര് | ആരംഭിച്ച വർഷം | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 27/18- ISO അംഗീകാരത്തിനായി പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം | 2016-17 | 16,00,000 | 14,00,000 |
| 2 | 28/18- കിഴവിലം മൃഗാശുപത്രി കെട്ടി നിർമ്മാണം- ഹാൾ നിർമ്മാണം | 2016-17 | 30,92,977 | 22,98,792 |
| 3 | 29/18- 15-ാം വാർഡിൽ സേവാഗ്രാം നിർമ്മാണം | 2016-17 | 15,40,000 | - |
| 4 | 34/18 നൈനാംകോണം പാംപാട് റോഡ് റീടാറിംഗ് | 2016-17 | 6,90,000 | - |
| 5 | 40/18 പോസ്റ്റ് ഓഫീസ് കുളത്തിൻ കര റോഡ് റീടാറിംഗ് | 2016-17 | 2,75,000 | - |
| 6 | 42/18-പഴവിളാകം കടുവാരക്കുന്ന് റോഡ് റീടാറിംഗും കോൺക്രീറ്റിങ്ങും | 2016-17 | 6,00,000 | - |
| 7 | 43/18- ഈച്ചരൻ വിള മുടപുരം റോഡ് റീടാറിംഗ് | 2016-17 | 7,00,000 | - |
| 8 | 48/18- കരിപ്ലാവിള റോഡ് റീടാറിംഗ് | 2016-17 | 4,00,000 | - |
| 9 | 49/18- കുനൻവിള റോഡ് റീടാറിംഗ് | 2016-17 | 2,50,000 | - |
| 10 | 54/18- ജി.പി.ആർ.എം യു.പി.എസ് നാഗരുകാവ് റോഡ് റീടാറിംഗും സംരക്ഷണ ഭിത്തി മെയിന്റനൻസും | 2016-17 | 7,00,000/- | - |
| 11 | 56/18- തെന്നൂർകോണം-ലാത്തറ റോഡ് റീടാറിംഗ് | 2016-17 | 6,00,000 | - |

| | | | | |
|---|---|---|---|---|
| 12 | 59/18- പൊട്ടന്റെ മുക്ക് മംഗ്ലാവിൽ റോഡ് റീടാറിംഗ് | 2016-17 | 141878 | - |
| 13 | 60/18- ഡീസന്റ് മുക്ക് കുഞ്ചുവീട് കാടായിക്കോണം റോഡി റീടാറിംഗം കോൺക്രീറ്റിംഗും | 2016-17 | 63,069 | - |
| 14 | 71/18 – മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി | 2016-17 | 920000 | - |
| ആകെ | | | 11572924 | 36,98,792 |

മേൽപ്പറഞ്ഞ 14 പദ്ധതികളിൽ മാത്രമായി 2016-17ൽ തുകയുടെ 31.96% തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2116.1 പ്രകാരം നിശ്ചിത സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത പക്ഷം കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കണം. സെക്ഷൻ 2116.2 പ്രകാരം കരാർ റദ്ദാക്കി മറ്റ വിധത്തിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും പ്രവൃത്തി പൂർത്തിയാക്കണം. സെക്ഷൻ 2116.2 പ്രകാരം കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% തുക തിരിച്ച പിടിച്ച് 3 മാസത്തിനകം അടവാക്കണം. എന്നാൽ മേൽ പദ്ധതികൾക്ക് കരാർ വച്ചതിന് ശേഷം യഥാസമയം പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിലെ മേൽ വകുപ്പുകൾ പ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുമില്ല. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-16 കാലപ്പഴക്കം നിർണ്ണയിക്കാതെ റോഡ് റീകോൺക്രീറ്റിംഗ്

കിഴവിലം ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നിരവധി റോഡുകളിൽ റീടാറിംഗും റീകോൺക്രീറ്റിംഗും നടത്തിയിട്ടുള്ളതാണ്. ഏതാനും ഫയലുകൾ പരിശോധിച്ചതിൽ കാലപ്പഴക്കം നിർണ്ണയിക്കാതെയും ആവശ്യകത നിർണ്ണയം നടത്താതെയുമാണ് റീ കോൺക്രീറ്റിംഗിന് നടത്തിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 63/18- കുഞ്ചാല്ലുംമൂട് കൊററ്റു വിളാകം റോഡ് റീടാറിംഗ് (സ്പിൽ ഓവർ) | മെയിന്റനൻസ് ഫണ്ട് (റോഡ്) | 310771/- | 187865/- |
| 2 | 185/18- മാമം നട അരികത്തുവാർ സംരക്ഷണ ഭിത്തി നിർമ്മാണവും റീ കോൺക്രീറ്റിംഗും | മെയിന്റനൻസ് ഫണ്ട് (റോഡ്) | 890000/- | 818796/- |

| | | | | |
|---|---|---|---|---|
| 3 | 195/18- പനയറവിളാകം ലക്ഷം വീട് കോളനി റോഡ് റീ കോൺക്രീറ്റിംഗ് | വികസന ഫണ്ട് (എസ്.സി.പി) | 260000/- | 258269/- |
| 4 | 197/18- ഒറ്റപ്ലാമുക്ക് കുനൻവിള മഞ്ചാടി റോഡ് റീടാറിംഗും റീ കോൺക്രീറ്റിംഗും | മെയിന്റനൻസ് ഫണ്ട് (റോഡ്) | 540000/- | 527196/- |
| 5 | 207/18- പ്രതിഭ ജംഗ്ഷൻ-മുക്തി ഫാർമ്മ കെ.എ.കാട്ടുംപുറം റോഡ് റീടാറിംഗും റീ-കോൺക്രീറ്റിംഗും | മെയിന്റനൻസ് ഫണ്ട് (റോഡ്) | 380000/- | 197719/- |

റീ-ടാറിംഗിന് അഞ്ചു വർഷവും റീ-കോൺക്രീറ്റിംഗിന് പത്ത് വർഷവും വേണമെന്നിരിക്കെയാണ് കാലപ്പഴക്കം കണക്കാക്കാതെ മേൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. റോഡ് രജിസ്റ്ററിന്റെ അഭാവവും കാലികമാക്കാത്ത ആസ്തി രജിസ്റ്ററും മൂലം റോഡുകളുടെ കാലപ്പഴക്കം കണ്ടെത്തുവാൻ സാധിക്കില്ല. ആയതിനാൽ റോഡ് രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 പദ്ധതി നടപ്പാക്കിയതിന് രേഖകളില്ല

പ്രോജക്ട് നമ്പർ, പേര് – 133/18 (ഭിന്നശേഷിയുള്ളവർക്ക് ഉപകരണം വാങ്ങി നൽകൽ)
അടങ്കൽ – 500000 (വി.ഫണ്ട്-ജനറൽ)
ചെലവ് – 205219 (ബിൽ നമ്പർ 23/17-18)
തീയതി – 31.03.2018
നിർവ്വഹണം – മെഡിക്കൽ ഓഫീസർ

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായവർക്ക് വിവിധതരം ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി 5,00,000/-രൂപ വികസന ഫണ്ടിൽ വകയിരുത്തുകയും 20,25,219/-രൂപ പിൻവലിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉപകരണങ്ങൾ നൽകുന്നതിലേക്കായി ഭിന്നശേഷി ഗ്രാമസഭ കൂടിയതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ആവശ്യകതാ നിർണ്ണയം നടത്തി ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/29.09.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും മോണിട്ടറിംഗിൽ വന്ന പാകപ്പിഴയും നിർവ്വഹണോദ്യോഗസ്ഥന്റെ അനാസ്ഥയുമാണ് ഇതിന് കാരണമെന്ന് വിലയിരുത്തുന്നു. ആയതിനാൽ രേഖകളുടെ അഭാവത്തിൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 2,05,219/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ധനകാര്യ കമ്മിഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നു

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ റിപ്പോർട്ടിന്റെ ഖണ്ഡിക 9-24 പ്രകാരം ഗ്രാന്റിന്റെ വിനിയോഗത്തെപ്പറ്റി വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ റോഡ് മെയിന്റനൻസിനു മാത്രമേ തുക ചെലവഴിക്കാവൂ എന്ന് പറയുന്നു. സി.എഫ്.സി ഗ്രാൻറ് റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വിനിയോഗിക്കരുതെന്ന് 18.9.2017 ലെ ഡി.എ. 1/672/2017 ത.സ്വ.ഭ.വ. സർക്കുലറിലും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത മാർഗരേഖയ്ക്കും സർക്കുലറിനും വിരുദ്ധമായി ഓഡിറ്റ് വർഷം പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1. | 136 | പി.എച്ച്.സി. ചരുവിള കോളനി റോഡ് കോൺക്രീറ്റിംഗ് | 200000 | 196041 |
| 2 | 180 | പ്രിയദർശിനി റോഡ് കോൺക്രീറ്റിംഗ് | 275000 | 274589 |
| 3 | 182 | തെങ്ങിലഴികം കടമ്പാട്ട് റോഡ് കോൺക്രീറ്റിംഗ് | 260000 | ഇല്ല |

മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 121550 | നെൽകൃഷി വികസനം | 121550 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 99000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 99000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 99000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 99000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാൽ ഉൽപ്പാദനത്തിനുള്ള സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാൽ ഉൽപ്പാദനത്തിനുള്ള സബ്സിഡി | 100000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 95 ാം നമ്പർ അങ്കണവാടിയിലേക്ക് കുടിവെള്ള കണക്ഷൻ | 21905 | 21905 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഓഫീസ് മാറ്റി സ്ഥാപിക്കൽ | 114369 | 114369 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.എച്ച്.ബി | ഐ.എസ്.ഓ അംഗീകാരത്തിന് വേണ്ടി പഞ്ചായത്താഫീസ് പുനരുദ്ധാരണം | 1400000 | 1400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം ചുവടെ ചേർക്കുന്നു

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് വായ്പ | 27-01-2010 ലെ 273/2010 സർക്കാർ ഉത്തരവ് | 17700000 | 1509550 | 1509550 | 0 | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 3-1 | 15254 | ശ്രീമതി.താഹിറബീഗം ഐ.സി.ഡി.എസ് സൂപ്പർവൈസർ | 117010106674 തീയതി 29-01-2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ | ഓഡിറ്റ് | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| നം | വർഷം | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 1 | 2013-14 | 2013-14 | 5.2.4(6) | ഉച്ചഭക്ഷണ വിതരണം- അനുബന്ധ സൌകര്യങ്ങളുടെ അപര്യാപ്തത | എസ്.വി.യു.പി.എസ് പുരവൂർ, യു.പി.എസ് മുടപുരം, എൽ.പി.എസ് കുന്തള്ളൂർ എന്നിവയിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് പ്രത്യേകം പാചകപ്പുര സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കിഴുവിലം യു.പി.എസിൽ ബഹു.എം.എൽ.എ യുടെ വികസന ഫണ്ടിൽ ഉൾപ്പെടുത്തി പാചകപ്പുര നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | 2013-14 | 2013-14 | 5.2.4(7) | സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല | എസ്.വി.യു.പി.എസ് പുരവൂർ, യു.പി.എസ് മുടപുരം, കിഴുവിലം യു.പി.എസ് എന്നിവിടങ്ങളിൽ കുടിവെള്ളത്തിന് കിണർ സൌകര്യം ഉണ്ട്. ബഹു.എം.എൽ.എ യുടെ വികസന ഫണ്ട് ഉപയോഗിച്ച് ശുദ്ധജല വിതരണത്തിന് വാട്ടർകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട് |
| 3 | 2013-14 | 2013-14 | 5.2.4(9) | കളിസ്ഥലത്തിന്റെ അഭാവം | കിഴുവിലം യു.പി.എസിൽ എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചിട്ടുണ്ട് |
| 4 | 2013-14 | 2013-14 | 5.2.4(11) | ലാബ് സൗകര്യത്തിന്റെ അപര്യാപ്തത | എസ്.വി.യു.പി.എസ് പുരവൂർ, യു.പി.എസ് മുടപുരം, എൽ.പി.എസ് കുന്തള്ളൂർ, അണ്ടൂർ എൽ.പി.എസ് എന്നിവിടങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 102634033 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95189239 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2611448 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 889760 | ശ്രീ.ജി.ജയദേവൻ, സെക്രട്ടറി (2,64,760 രൂപ)<br>ശ്രീ.ജയകൃഷ്ണൻ, വെറ്റിനറി സർജൻ (6,25,000) |
| 3-3 | 1316469 | ശ്രീമതി.ആശാ രാജ്, എൽ.വി.ഇ.ഓ |
| 3-11 | 200000 | ശ്രീ.ജയകൃഷ്ണൻ, വെറ്റിനറി സർജൻ |
| 3-17 | 205219 | ശ്രീമതി.ദീപ രവി, മെഡിക്കൽ ഓഫീസർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1415/ 2018 തീയതി 22.05.2018 | 2 | - |
| 2007-08 | | 4 | - |
| 2008-09 | | 8 | |
| 2009-10, 2010-11 | | 11 | - |
| 2011-12 | | 2 | |
| 2012-13 | | 11 | |
| 2013-14 | | 28 | |
| 2014-15 | | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2131/16 തീയതി 19.12.2016 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1664 (എ)/2017 തീയതി 21.08.2017/ 27.09.2017 | 23 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, തിരുവനന്തപുരം.

*edited :BL*

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, തിരുവനന്തപുരം.